


# സംസ്തവം

എൻ എസ് എസ് എച്ച് എസ് പെരുമ്പുളിക്കൽ

# ലിറ്റിൽ കൈറ്റ്സ് സംരംഭം

## ഡിജിറ്റൽ മാഗസിൻ
## 2019-20



## എൻ.എസ്സ്.എസ്സ്.എച്ച് എസ്സ്. പെരുമ്പുളിക്കൽ

# ഉള്ളടക്കം

ആമുഖം 4
എഡിറ്റോറിയൽ 5
സന്ദേശം 7
ഫോട്ടോസ്:
*പ്രവേശനോൽസവം 8*
*ഓണാഘോഷം 9*
*യോഗദിനാചരണം 10*
*കാർഷികം 11*
*ഗാന്ധിജയന്തി 12*
*ലിറ്റിൽകൈറ്റ്സ് മാതൃസംഗമം 13*
*ലിറ്റിൽകൈറ്റ്സ് പ്രോജക്ട് 14*
*ശസ്ത്രരംഗം 15*
*പാഠം ഒന്ന് പാടത്തേക്ക് 16*
*വിമുക്തി 17*
*പ്രതിഭയോടൊപ്പം 18*
താമരയെ സ്നേഹിച്ച ചെളി 19
ഭൂമി 21
അഭിമാനമാകട്ടെ മാതൃഭാഷ 23
താഴ്വര 25
ഗണിതക്രിയകൾ 26
ഒരു മഴക്കായ് 27
നൃജൻ വിശേഷങ്ങൾ 28
Missing Number 30
Vallathol Narayana Menon 31
കേരളം പിറവിയിലേക്ക് 32
Srojini Naidu 33
വഴിതെറ്റി പോകുന്ന തലമുറ 34
പെയ്യാത്ത മഴ 36
Pyramid 37
Mother 39
ചതുരം സമചതുരം 40
കേരളം 41
രണ്ടു വാക്ക കൊണ്ടുള്ള അപ്രതീക്ഷിത മാറ്റം 45
നിശാശലഭവാരം 48
നന്ദി 49

# ആമുഖം

*2019-20 സംസ്തവം സ്മരണികയിലൂടെ
ഈ വർഷത്തെ യുവതരംഗ പ്രതിഭകളുടെ കലാസൃഷ്ടികൾ
പരിചയപ്പെടുത്തുന്നു. അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും
കുട്ടികളുടേയും പരിശ്രമത്താൽ ഡിജിറ്റൽ മാഗസിന്റെ പൂർണത
കൈവരിച്ചു. സ്തുതിയിലൂടെ ഒരു പരിചയപ്പെടുത്തൽ ആണ് സംസ്തവം.*

# എഡിറ്റോറിയൽ

പാട്ടിന്റെ പാലാഴിയിൽ കടഞ്ഞെടുത്ത സംഗീതം.........

അനന്തമായ സാഗരത്തിൽ നീന്തിത്തുടിക്കുന്ന ശ്രാവുകൾ...

നിറപ്പുത്തരിയായി വിടർന്ന തിളങ്ങുന്ന പലവിധ കതിരുകൾ

സംസ്തവത്തിലുണ്ട്. അവയുടെ പുതുമകളെ

തൊട്ടുണർത്താൻ............

കാതോർക്കാൻ......

ചിന്തിപ്പിക്കാൻ.....

രസിപ്പിക്കാൻ......

ഞങ്ങളുടെ സംസ്തവത്തിനെ സമർപ്പിക്കുന്നു

അപർണ എസ്
9A

# EDITORIAL BOARD



*Standing first row from left*

Aparna S

Aiswarya S

Sumikrishnan S

*Standing second row from left*

Ragesh S

Ganga S

Anjali S

Sreelekshmy B

*Standing third row from left*

Sanoosh kumar K S

Vishnu V

# സന്ദേശം

എൻ. എസ്. എസ്. എച്ച്. എസ്. പെരുമ്പുളിക്കൽ 2019-2020 അദ്ധ്യയനവർഷത്തിൽ സംസ്തവം എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. പാഠ്യ-പാഠ്യേതര രംഗത്ത് വിദ്യാർത്ഥികൾ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും പ്രകാശിപ്പിക്കുന്നതിനും പ്രസ്തുത സ്മരണിക വേദി ഒരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

**അനിത എസ് നായർ**



**ഹെഡ്മിസ്ട്രസ്**
**എൻ. എസ്. എസ്. എച്ച്. എസ്.**
**പെരുമ്പുളിക്കൽ**
mannamnagar@yahoo.in

# പ്രവേശനോത്സവം







# ഓണാഘോഷം











# യോഗ ദിനാചരണം





# കാർഷികം





# ഗാന്ധിജയന്തി






# ലിറ്റൽകൈറ്റ്സ് മാതൃസംഗമം









# ലിറ്റൽകൈറ്റ്സ് പ്രോജക്ട്





# ശാസ്ത്രരംഗം






# പാഠം ഒന്ന് പാടത്തേക്ക്



# വിമുക്തി





# പ്രതിഭയോടൊപ്പം



# താമരയെ
# സ്നേഹിച്ച
# ചെളി



ഐശ്വര്യ എസ്.
9 A

നീ എവിടെയാകുന്നു പുഷ്പമേ
നീയില്ല നീർജലത്തിൽ വെറുമൊരു
ചെളിയായി താഴുന്നു എൻ മനം
നീ കൂടെയുണ്ടായിരുന്നപ്പോൾ

നിൻ ഇല എനിക്ക് കൂട്ടായിരുന്നു
നിൻ വേരുകൾ എനിക്ക് കുളിരായിരുന്നു
നിൻ ഇതളുകൾ എനിക്ക് ബലമായിരുന്നു
നിൻ കാന്തി എനിക്ക്  എല്ലാമായിരുന്നു

നിൻ പുഞ്ചിരി എന്റെ സ്വപ്നമായിരുന്നു

ഒടുവിൽ നീ വാടി എന്നരികിലെത്തിയപ്പോൾ
നിസ്സഹായായി സ്വയം പ്രാണൻ

നിൻ കുറവെന്നിൽ വിള്ളലുകൾ തീർക്കുന്നു
നിൻ പുഞ്ചിരി എന്റെ സ്വപ്നമായി മായുന്നു
നിന്റെ അസാന്നിദ്ധ്യം നൊമ്പരമായി മാറുന്നു
നീ എവിടെയാകുന്നു പുഷ്പമേ......

# ഭൂമി



അപർണ എസ്.
9A

എന്തിനോ വേണ്ടി വേദനിച്ചിരുന്നവൾ
എന്തിനെന്നറിയാതെ നെഞ്ചം പിടഞ്ഞവൾ
ചെറുതിലേ  സൂര്യനെ വലം വച്ചിരുന്നവൾ
ചരാചരങ്ങളെയെല്ലാം ദേഹത്തണിഞ്ഞവൾ
മലകളും മരങ്ങളും മൃഗങ്ങളും മനുഷ്യനും
പുഴകളും പൂക്കളും പൂന്തേനുണ്ണും പൂത്തുമ്പിയും
മാറത്തണിഞ്ഞവൾ...........
ബാല്യത്തിൽ കൊഞ്ചലും കൗമാരത്തിൽ
കുസൃതിയും യൗവനത്തിൽ പ്രണയവും
വാർദ്ധക്യത്തിൽ വിരസതയും നേരിട്ടറിഞ്ഞിരുന്നവൾ
കാലം കടക്കവേ
പൂഞ്ചോലകളും പൂമേടകളും കാണാക്കിനാവാക്കിയവൾ
വേനലിൽ വെന്തെരിഞ്ഞവൾ
വിണ്ണിലേക്ക് ആർദ്രമായി നോക്കി

വർഷത്തിൻ നൊമ്പരം പാടേ മറന്നവൾ
തെരുവിന്റെ തേങ്ങലും കാരുണ്യമില്ലാത്ത
കാലത്തിന്റെ കണ്ണുകളും കണ്ണാലേ കവർന്നു
രോഗാതുരമായ ആസ്പത്രികളും പുകയാത്ത
അടുപ്പിന്റെ വീട്ടിലെ വിശപ്പും അറിഞ്ഞവൾ
എന്തിനേറെ,
പേറ്റുനോവും പോറ്റുനോവും അറിഞ്ഞവൾ
എന്തിനേറെ തെരുവുനായയുടെ രോദനം
പോലും വേദനയായി അറിഞ്ഞവൾ
അവളെ മറ്റാരും അറിഞ്ഞിരുന്നില്ലെങ്കിലും
ഞാനറിഞ്ഞിരുന്നു എന്തെന്നാൽ,
ഞാൻ തന്നെയായിരുന്നവൾ ! ഭൂമി
കാലമവളുടെ വേദനയെ,
അറിഞ്ഞും ഭാവിച്ചും
നാളെയുടെ സൗഖ്യത്തിനായി,
ഒരുക്കി നിർത്തി.....

# അഭിമാനമാകട്ടെ

## മാതൃഭാഷ

രഞ്ജിനി പി കെ

8 A

അമ്മയുടെ മുലപ്പാലിനൊപ്പം ഒരു കുഞ്ഞിന്റെ ഉള്ളിൽ എത്തുന്ന ഭാഷയാണ് മാതൃഭാഷ.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്യന്
പെറ്റമ്മ തൻഭാഷ താൻ"

എന്ന വരികൾ മാതൃഭാഷയെ പെറ്റമ്മയെ പോലെ കാണേണ്ട ആവശ്യകതയെ ഓർമപ്പെടുത്തുന്നു. മാതൃഭാഷയാണ് ഒരു വ്യക്തിയെ സൃഷ്ടിക്കുന്നത്.അവന്റെ വ്യക്തിത്വ വികസനത്തിനും സംസ്കാര രൂപീകരണത്തിനും മാതൃഭാഷയുടെ പങ്ക് വളരെ വലുതാണ്. വളരുമ്പോൾ ഒരുവൻ മറ്റേതു ഭാഷയും സ്വീകരിക്കുന്നു എങ്കിലും അവൻ ആദ്യം സംസാരിക്കുന്നത് അവന്റെ മാതൃഭാഷയാണ്. എന്നാൽ ഇന്ന് സ്വന്തം മാതൃഭാഷയെ മറക്കുന്ന

തലമുറയാണ് സമൂഹത്തിലുള്ളത്. മാതൃഭാഷ പഠനം നാണക്കേടായി മാറുന്ന കാലഘട്ടമാണ് .മാതൃഭാഷ പഠനം സമൂഹത്തിലെ അന്തസ്സിന്ന തന്നെ കോട്ടം തട്ടുന്നതായി മാറി. മാതൃഭാഷ ഒരിക്കലും നമുക്കൊരു നാണക്കേടല്ല. മറിച്ച നമുക്ക് ലഭിച്ച ഒരു വരദാനമാണ്. സ്വ ന്തം മാതാപിതാക്കൾക്കുപോലും കുട്ടികൾ അവരുടെ മാതൃഭാഷ പറയുന്നതു പോലും ഇഷ്ടമല്ല. അവർ മക്കൾ പുതിയ സംസ്കാരത്തിന്റെ തിണ്ണയിലേക്ക് കുടിയേറി പാർക്കാൻ ഇഷ്ടപ്പെടുന്നു.




നാം നമ്മുടെ മാതൃഭാഷയോട് ചെയ്യുന്ന ക്രൂരതകൾ, അമ്മയോട് ചെയ്യുന്ന ക്രൂരതകൾക്ക് ഒരു അറുതിയുമില്ല. നമ്മെ നാം ആക്കുന്നത് നമ്മുടെ അമ്മയാണ്. അതെ സ്ഥാനം തന്നെ മാതൃഭാഷക്കും നൽകിയാൽ അതു മാത്രം മതി നമ്മുടെ സംസ്കാരം വാനോളം ഉയർത്താൻ.

സ്വന്തം അചഛനേയും അമ്മയേയും ഉപേക്ഷിക്കുന്ന സംസ്കാരം നമ്മുടെ സമൂഹത്തിലുണ്ട്. ഈ സംസ്കാരം തന്നെ മാതൃഭാഷയെ തകർക്കുന്നതാണ്. അവരിലൂടെ നമ്മളിലേക്ക് സംസ്കാരവും വാമൊഴിയും പകർന്നു ലഭിക്കുന്നു. മാതൃഭാഷ നമുക്ക് ആവിശ്യമാണ്. അത് സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. മാതൃഭാഷ നാണക്കേടാകേണ്ട അഭിമാനമാകട്ടെ...........

# താഴ്വര


വിഷ്ണു വി.
9A



# ഗണിത ക്രിയകൾ

അരുണിമ അർ
10 A

How many squares are there in this figure?



Ans: 14

What comes next in this series?

1 2 6 24 120 720 ------

Ans: 5040

# ഒരു മഴയ്ക്കായ്



അഞ്ജലി എസ്
9A

നിങ്ങൾ എവിടെയാകുന്നു കാർമേഘങ്ങളെ
നിങ്ങളില്ലാതായി വരൾച്ചയിൽ ഞാൻ വെന്തെരിയുന്നു
കാർമേഘങ്ങളെ നിങ്ങൾക്കൊന്നു പൊട്ടിക്കരഞ്ഞു കൂടെ
ചുട്ടുകാറ്റിൽ  പറക്കുമ്പോൾ ഞാൻ പുകഞ്ഞുനീറുന്നു.

ഞങ്ങൾ കിളികൾക്കു നനയാൻ ഒന്നു മഴയായി പെയ്തൂടെ
നിൻ അസാന്നിദ്ധ്യം ഞങ്ങളിൽ വല്ലാതെ-
വിള്ളലുകൾ തീർക്കുന്നു.

നിന കരച്ചിൽ ഞങ്ങളിൽ പുഞ്ചിരികൾ തീർക്കുന്നു
നിന്റെ വരവിനെ അറിയിക്കുന്ന ഇടികൾ ഞങ്ങളിൽ
താളങ്ങൾ സൃഷ്ടിക്കുന്നു.
ഒരു വേനൽ മഴക്കായ് കാത്തിരിക്കുന്നു നിന്നെ എൻ- മനം
നിങ്ങൾ എവിടെയാകുന്നു കാർമേഘങ്ങളെ.

# ന്യൂജൻ വിശേഷങ്ങൾ




*അർച്ചന എസ്*


*8A*

പണ്ടൊക്കെ ന്യൂജൻ എന്ത് എന്ന് അറിയില്ല. നല്ല സ്വഭവം മനുഷ്യരോടെ നല്ല പെരുമാറ്റം. ഇപ്പോൾ മനുഷ്യരോടെ എങ്ങനെ പെരുമാറണം എന്ന് കുട്ടികൾക്ക് അറിയില്ല. ഇപ്പോഴത്തെ കുട്ടികളും പഴയ കാലത്തെ കുട്ടികളും തമ്മിൽ വളരെ വ്യത്യാസം ഉണ്ട്. മുടി ഫാഷനായി വെട്ടുന്നതാണ് ഇപ്പോഴത്തെ സ്റ്റൈൽ. മനുഷ്യരുടെ സ്വഭാവം നല്ലതല്ല അതിനാൽ നമ്മുടെ കേരളം നശിക്കുന്നു.കുറെ ന്യൂജൻ പിള്ളാരെ കൊണ്ട് നമ്മുടെ കേരളം നശിച്ചു പോയി. കുട്ടികളും നശിച്ചു. കേരളം ഇങ്ങനെ നശിച്ച് പോകരുത്. അവരെ നന്നാക്കാൻ ആർക്കും സാധിക്കുന്നില്ല. മക്കൾ ന്യൂജൻ കാലത്ത് അടിമപ്പെട്ടു കഴിഞ്ഞു. പണ്ടത്തെ വീടുകളിൽ ലാൻഡ്

ഫോണെ ഉള്ളായിരുന്നു. ടിവിക്ക് പകരം റേഡിയോയെ ഉള്ളായിരുന്നു. എന്നാൽ ഇന്ന് വീടുകളിലൊന്നും ലാൻഡ് ഫോണും റേഡിയോയും ഒന്നും കാണാൻ പോലുമില്ല. ഇതേല്ലാം കാരണം നമ്മുടെകേരളം മാറിമറിഞ്ഞു.നമുക്ക് പ്രാർത്ഥിക്കാം നല്ലൊരു നാളേക്കായി......

ദേവനന്ദ എസ്
8 A

# MISSING NUMBER





## ANS:6

**The two numbers opposite each other are always same**

**Total : 21 ,15+6=21**

# VALLATHOL NARAYANA MENON



Ganga S
9A

Mahakavi Vallathol Narayana Menon was born at chenara malappurum, kerala on 16 October 1878. he did not have any formal education but was trained in sanskrit. He was a poet, translator, social reformer, freedom fighter and the chief revivalist of kathakali. When he was about 30 years old his hearing began to deteriorate in 1901 he married Madhavi Amma. Chitrayogam mahakavya is one of his noted poems. Sahithya manjeri, Chithrayogam, Ente gurunadhan,etc. are famous books by Vallathol Narayana Menon. He was awarded Padhma Bhushan in 1954. He passed away on 13 March 1958.

# കേരളം പിറവിയിലേക്ക്



സുമികൃഷ്ണൻ എസ്
9A

1928 ൽ എറണാകുളത്ത് നടന്ന നാട്ടുരാജ്യ - പ്രജാസമ്മേളനം, 1928-ൽ പയ്യന്നൂരിൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ ചേർന്നു. 1947-ൽ തൃശ്ശൂരിൽ നടന്ന ഐക്യകേരള കൺവൻഷൻ തുടങ്ങിയവ കേരളപ്പിറവിയിലേക്കുള്ള നാഴികക്കല്ലായി മാറി.

1949 ൽ കൊച്ചി-തിരുവിതാംകൂർ നാട്ടരാജ്യങ്ങൾ ലയിച്ച തിരു-കൊച്ചി സംസ്ഥാനം രൂപം കൊണ്ടു. ഇന്ത്യയിൽ ഭാഷാ-അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന ആശയം ശക്തമായതോടെ ,ഐക്യകേരള പിറവിക്കായി പ്രേരണ നൽകി. 1956-ലെ സംസ്ഥാന പുന:സംഘടനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപം കൊണ്ടു........

# Sarojini Naidu



Sreelakshmy B
9A

The famous poet, writer and political activity. Sarojini Naidu,bharathiya kokila, was born on February 13, 1879 in Hydrabad. She had her education from university of Madras. First Indian women to become the president of the Indian National Congress and also the first women to become a governer of India. Her famous work has the Golden Threshold the bride of time the broken wine the magic tree . She died on march 2 in 1999 in Allahabad.

# വഴി തെറ്റി പോകുന്ന  തലമുറ




അർച്ചന എസ്
8A

ഒരിടത്ത് ഒരിടത്ത് മാധവൻ എന്നൊരാൾ ജീവിച്ചിരുന്നു. അയാളുടെ ഭാര്യയുടെ പേര് ഗീത എന്നായിരുന്നു. മാധവന് പോസ്റ്റോഫീസിലായിരുന്നു ജോലി. അയാൾ എല്ലാരോടും സ്നേഹത്തോടെ പെരുമാറി. കല്ല്യാണം കഴിഞ്ഞ് നാല് വർഷമായിട്ടും കുട്ടികൾ ഉണ്ടാവാതിരുന്ന അവർ അമ്പലങ്ങളിൽ നേർച്ചയുമായി നടന്നു. എന്നിട്ടും ഒരു ഫലവുമില്ല എന്നു കണ്ടതോടെ അവർ ആശുപത്രിയിൽ പോയി.  അങ്ങനെ ഒരു ദിവസം അവൾ ഗർ ഭിണിയാണെന്നറിഞ്ഞു. എല്ലാവർക്കും സന്തോഷമായി. അയാൾ എല്ലാർക്കും മധുരം വാങ്ങി നൽകി. ഒരു ആൺകുട്ടി പിറക്കണം എന്നായിരുന്ന അവരുടെ ആഗ്രഹം. അവരുടെ ആഗ്രഹം പോലെ ഒരു ആൺകുട്ടി ജനിച്ചു. അവർ അവന് അക്ഷയ് എന്ന് പേരിട്ടു.
സർവ്വ സൗഭാഗ്യങ്ങളും നൽകി അവർ അവനെ വളർത്തി. ഒരു

പരിഷ്കാരിയായായാണ് അവർ അവനെ വളർത്തിയത്. അവൻ അതിന്റെ അഹങ്കാരങ്ങൾ കാണിച്ചു. അങ്ങനെ അവൻ ഉന്നത വിദ്യാഭ്യാസം പൂർത്തി ആക്കി. അവൻ ജോലിക്കൊന്നും പോകാതെ അച്ഛന്റെ ചിലവിൽ കഴിയുന്നു. മാധവനും ഗീതയും അവനെ ഒരു ജോലിക്കും വിടാൻ തയാറായില്ല. അവനെ അവർ ഒരു വട്ടം പോലും വഴക്കു പറഞ്ഞില്ല. കുറേ നാൾ കഴിഞ്ഞപ്പോൾ അവനൊരു വണ്ടി വാങ്ങണം എന്നു പറഞ്ഞു. ആഡംബര വാഹനങ്ങളുടെ വില താങ്ങാൻ കഴിയില്ലായിരുന്ന കുടുംബം എന്നാലും മകന്റെ ആഗ്രഹം സാധിച്ചു കൊടുക്കണമെന്ന് കരുതി വീടിന്റെ ആധാരം പണയപ്പെടുത്തി വണ്ടി മേടിച്ചു കൊടുത്തു. അവൻ അവന്റെ കൂട്ടുകാരുമൊപ്പം ഒരു യാത്ര പോയി. കൂട്ടുകാരുടെ നിർബന്ധത്തിൽ വഴങ്ങി ലഹരി വസ്തുക്കൾ ഉപയോഗിക്കാൻ തുടങ്ങി. അവൻ അതിൽ അടിമപ്പെട്ടുപോയി. അത് വാങ്ങാനുള്ള കാശിനുവേണ്ടി അവൻ മോഷ്ടിക്കാൻ തുടങ്ങി. ഒരു തവണ അവനെ നാട്ടുകാർ പിടിച്ചു പോലീസിൽ ഏൽപ്പിച്ചു . ആദ്യമായി അവനെ അവർ വഴക്കു പറഞ്ഞു . അങ്ങനെ അവൻ നന്നായി എന്ന് അവർ കരുതി.എന്നാൽ അതിന്റെ വിഷമത്തിൽ അമിത വേഗത്തിൽ അവൻ വാഹനം ഓടിച്ചു പോയി. ഒരു ജീപ്പിൽ തട്ടി അവന് അപകടം സംഭവിച്ചു. പരുക്കു പറ്റിയ വിഷമത്തിൽ അവർ അവനെ ഉണദോഷിച്ചു. ലഹരി വസ്തുക്കളുടെ അമിത ഉപയോഗം മൂലം അവന് ഹൃദയാഘാതം സംഭവിച്ച് അവൻ മരിച്ചു.....

ലഹരിയുടെ ഉപയോഗം തടയുക

# പെയ്യാത്ത മഴ



ലക്ഷ്മി ആർ
8A

ഇനി ഒരു മഴ പെയ്യെങ്കിൽ
ഈ പ്രകൃതിയിൽ പുതു ജീവൻ ഉണരും
പുഴയും,പാടവും,വറ്റി വരളുന്നു
ഇനി ഒരു മഴ പെയ്യെങ്കിൽ
മൃഗങ്ങൾക്കു പോലും കുടിക്കാൻ ജലമില്ല
എല്ലാ മൃഗങ്ങളും ചത്തു വീഴുന്നു
കിളികളുടെ പാട്ട് നിലച്ചു
ഇനി ഒരു മഴ പെയ്യെങ്കിൽ
എനിക്ക് ഒന്ന് നനയാമായിരുന്നു
ഇനി ഒരു മഴക്കായി പ്രർത്ഥിക്കാം.

# PYRAMID

Arunima R
10A



A **pyramid** is a structure whose outer surfaces are triangular and converge to a single step at the top, making the shape roughly a pyramid in the geometric sense. The base of a pyramid can be trilateral, quadrilateral, or of any polygon shape. As such, a pyramid has at least three outer triangular surfaces. The square pyramid, with a square base and four triangular outer surfaces, is a common version.

A pyramid's design, with the majority of the weight closer to the ground, and with the pyramidion on top, means that less material higher up on the pyramid will be pushing down from above. This distribution of weight allowed early civilizations to create stable monumental structures.



Civilizations in many parts of the world have built pyramids. The largest pyramid by volume is the Great Pyramid of Cholula, in the Mexican state of Puebla. For thousands of years, the largest structures on Earth were pyramids first the Red Pyramid in the Dashur Necropolis and then the Great Pyramid of Khufu, both in Egypt the latter is the only one of the Seven Wonders of the Ancient World still remaining.


# MOTHER




Ragesh S
9 A

Mothers are for loving you
if you are good or bad
mothers are for kissing you
on the faces
Mothers  are for  kissing you
A sweet good night

നന്ദു എസ്
9A



# കേരളം

ആദിത്യകൃഷ്ണൻ കെ

9 A



കേരളസംസ്ഥാനം രൂപവത്കരിച്ച **നവംബർ ഒന്നാണ് കേരളപ്പിറവി** എന്നറിയപ്പെടുന്നത്. **1947**-ൽ ബ്രിട്ടീഷുകാരിൽ നിന്നും സ്വതന്ത്രമായ ശേഷം, ഐക്യകേരളത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടു. 1956 – ലെ സംസ്ഥാന പുനഃസംഘടന

നിയമമമാണ് ഈ പുനഃസംഘടനക്കും പല സംസ്ഥാന രൂപീകരണങ്ങൾക്കും വിഭജനത്തിനു ആധാരം. ഭാഷാടിസ്ഥാന ത്തിൽ സംസ്ഥാനങ്ങളെ പുന:സംഘടിപ്പിക്കാനുള്ള ഇന്ത്യാ ഗവൺമെന്റിന്റെ തീരുമാനപ്രകാരം തിരുവിതാംകൂർ, കൊച്ചി രാജ്യങ്ങൾ മദ്രാസ് പ്രസിഡൻസിയുടെ മലബാർ പ്രദേശങ്ങൾ ഇങ്ങനെ മലയാളം പ്രധാനഭാഷയായ പ്രദേശങ്ങളെല്ലാം കൂട്ടിച്ചേർത്തുകൊണ്ട് 1956 നവംബർ ഒന്നിന് **കേരളം** എന്ന സംസ്ഥാനം  രൂപവത്കരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നവംബർ ഒന്നിന് കേരള പ്പിറവിദിനമായി ആഘോഷിക്കപ്പെടുന്നു.

## രൂപവത്കരണം

കേരളം രൂപീകൃതമാകുമ്പോൾ ഇന്ത്യയിലെ 14 സംസ്ഥാനങ്ങളിൽ ഏറ്റവും ചെറിയ സംസ്ഥാനമായിരുന്നു കേരളം. രൂപീകരണ സമയത്ത് കേരള ത്തിൽ വെറും 5 ജില്ലകൾ മാത്രമേ ഉണ്ടായിരുന്നൊള്ളു. എന്നിരുന്നാലും വിദ്യാഭ്യാസത്തിൽ ഏറ്റവും മുൻപന്തിയിലായിരുന്നു കേരളം. ഫസൽ അലി തലവനായും സർ ദാർ കെ എം പണിക്കർ,പണ്ഡിറ്റ് ഹൃദയനാഥ് കുൻസ്രു എന്നിവർ അംഗങ്ങളുമായുള്ള സംസ്ഥാന പുന:സംഘ ടനാ കമ്മീഷൻ രൂപവൽക്കരിച്ചത് 1953 ലാണ്. 1955-സെപ്റ്റംബറിൽ കമ്മീഷൻ

കേന്ദ്ര ഗവൺമെന്റിനു റിപ്പോർട്ടു സമർപ്പിച്ചു. അതിൽ കേരള സംസ്ഥാന രൂപവത്കരണത്തിനും ശുപാർശയുണ്ടായിരുന്നു. സംസ്ഥാന പുന:സംഘടനാ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി പതിമൂന്നു മാസം കഴിഞ്ഞാണ് ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം തയ്യാറാക്കിയത്. തിരുവിതാംകൂറിലെ തോവാളം, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട് എന്നീ നാലു താലൂക്കുകളും ചെങ്കോട്ടത്താലൂക്കിന്റെ ഒരു ഭാഗവും വേർപെടുത്തി മദിരാശി സംസ്ഥാനത്തോടു ചേർത്തു. ശേഷിച്ച തിരുവിതാം കൂർ - കൊച്ചി സംസ്ഥാനത്തോടു മലബാർ ജില്ലയും തെക്കൻ കാനറാ ജില്ലയിലെ കാസർകോടു താലൂക്കും ചേർക്കപ്പെട്ടു. ഫലത്തിൽ കന്യാകുമാരി ജില്ല കേരളത്തിനു നഷ്ടപ്പെടുകയും ഗുഡല്ലൂർ ഒഴികെയുള്ള മലബാർ പ്രദേശം കേരളത്തോടു ചേർക്കപ്പെടുകയും ചെയ്തു. കേരള സംസ്ഥാനത്തിന്റെ ആദ്യരൂപത്തിൽ മൊത്തം 5 ജില്ലകളാണുണ്ടായിരുന്നത്. നവംബർ ഒന്നിനു ചിത്തിരതിരുനൾ മഹാരാജാവ് തിരു-കൊച്ചി രാജപ്രമുഖ സ്ഥാനത്തുനിന്നും വിരമിച്ചു. സംസ്ഥാനത്തിന്റെ തലവനായി രാജ പ്രമുഖനു പകരം ബി. രാമകൃഷ്ണറാവു ആദ്യ ഗവർണറായി തിരുവിതാംകൂർ- കൊച്ചിയിൽ പ്രസിഡന്റ്ഭരണം നിലവിലിരിക്കു മ്പോഴാണ് സംസ്ഥാന പുന:സംഘടന നടന്നത്. സംസ്ഥാനത്തെ ആദ്യ ചീഫ് ജസ്റ്റിസ് കെ.ടി കോശിയായിരുന്നു ആദ്യ ചീഫ് സെക്രട്ടറി. ആദ്യ പോലീസ് ഐ ജി എൻ. ചന്ദ്രശേഖരൻനായർ. കേരള സംസ്ഥാനത്തിലെ ആദ്യ പൊതുതിരഞ്ഞെടുപ്പ് 1957

ഫെബ്രുവരി 28-ന നടന്നു. ആ തിരഞ്ഞെ ടുപ്പിലൂടെ ഇ എം ശങ്കരൻ നമ്പൂതിരിപ്പാട് _മുഖ്യമന്ത്രിയായുള്ള സർക്കാർ അധികാരത്തിൽ വന്നു. ഐക്യകേരളം എന്നറിയപ്പെടുന്ന കേരളത്തിലെ ജനകീയ പ്രസ്ഥാനം, കേരള സംസ്ഥാനം രൂപവത്കരി ച്ചതിന് ഒരു ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനഃസംഘടനയ്ക്ക് ഊർജ്ജം പകർന്നു.

# രണ്ടു വാക്കു കൊണ്ടുള്ള അപ്രതീക്ഷിത മാറ്റം

സന്തൃഷ്ണമാർ കെ എസ്
9 A

അകന്ന കമ്പികളുള്ള ജനാലയിലൂടെ നോക്കി നിൽക്കുകയാണവൾ. വളരെ സന്തോഷത്തോടെ, ഇത്രയും നാളും മനസ്സിൽ കിടന്നുറങ്ങിയ ആ വികാരം അവൾക്ക് വന്നത് ആ കാഴ്ച കണ്ടായിരുന്നു. മൂന്നാലഞ്ച് കരിയില ക്കിളികൾ തമ്മിൽ കലപിലയുണ്ടാക്കുന്നു. ഇതു കണ്ടപ്പോൾ ഒരു സമൂഹത്തിലെ പ്രശ്നങ്ങൾ അവൾക്ക് ഓർമ വന്നു എന്നാൽ നമ്മുടെ പ്രശ്നങ്ങൾ പരിഹാരമില്ലാത്തതായിരുന്നു. അവരുടെ പ്രശ്നം തീർക്കാൻ നല്ല മാംസമുള്ള എണ്ണകറുപ്പുള്ള ഒരു കാക്കമ്മ അവിടെ വന്ന് എന്തോ അവരുടെ ഭാഷയിൽ മുരളുകയും പ്രശ്നം അവിടം കൊണ്ട് അവസാനിക്കുകയും ചെയ്തു. അപ്പോൾ ആ മനോഹരമായ കാഴ്ച കണ്ടു കൊണ്ടിരുന്ന പ്പോളാണ് അമ്മയുടെ ആ കൗതുകമുണർത്തുന്ന വിളികേട്ടത് "ചക്കി ഇങ്ങടുന്നേ ദാ...... ഇന്നലെ നമ്മള് ചോറും മീൻ കറിയും കൊടുത്ത പൂച്ച ദാ ഇന്നും വന്നിരിക്കണ്"

അമ്മ പറഞ്ഞു തീരും മുമ്പ് ശരവേഗത്തിൽ അവൾ എത്തി. അവൾക്ക് പൂച്ചയേയും തത്തയേയും അങ്ങനെ എല്ലാത്തിനേയും വളരെ ഇഷ്ടമാണ് .അവൾ ആ പൂച്ചയോട് ചോദിച്ചു "അമ്പടി കള്ളീ"

ഇന്നും മീനുണ്ട് എനിക്കും അമ്മക്കും മാത്രേയുള്ളു. അതിൽ എന്റെ പങ്ക് നിനക്ക് തന്നാൽ പിന്നെ ഞാൻ എന്ത് തിന്നും. പൂച്ച അവളെ കൈവശത്താക്കണം എന്ന രീതിയിൽ മ്യാവൂന്ന് അല്പം
 കൊഞ്ചലോടെ മുരണ്ടു. അവൾ അടുപ്പത്ത് വെച്ചിരുന്ന മീൻകറീം ചോറും ഇളക്കി ഒരു വാഴയില കഴുകിവൃത്തിയാക്കി. അതിൽ ഇട്ടുകൊടുത്തു പൂച്ച അത് ആർത്തിയോടെ  കഴിച്ചു അവളത് കൗതുകത്തോടെ നോക്കി നിന്നു. എന്നിട്ട് പറഞ്ഞു. "ഇതൊന്നും പതിവാക്കരുത് കേട്ടോ?' അത് വാല് ചെറുതാ ക്കി ഓടിപ്പോയി. ഇതെല്ലാം വലിയ വീട്ടിലെ റാണി നോക്കി നിൽക്കുകയായിരുന്നു. ചക്കിയും റാണിയും സമപ്രായമാണ്. റാണി പൊങ്ങച്ചക്കാരിയാണ് . മാത്രമല്ല പണമുള്ളതിന്റെ അഹങ്കാരവും തൊട്ടതിനും പിടിച്ചതിനുമെല്ലാം വാശിയും അവൾക്ക് പട്ടിയേയും പൂച്ചയേയും അങ്ങനെ ജീവികളെ ഒന്നും ഇഷ്ടമല്ല. ചക്കി പൂച്ചയെ കുറച്ചു നേരം നോക്കി നിന്നശേഷം അകത്തേക്ക് പോകാൻ തുടങ്ങിയപ്പോൾ റാണി അവളോട് പറഞ്ഞു "നീ എന്തൊരു വൃത്തിയില്ലാത്ത കുട്ടിയാണ് "അവൾ പറഞ്ഞത് ചക്കിക്കൊട്ടും ഇഷ്ടപ്പെട്ടില്ല മാത്രമല്ല അവൾ റാണിയോട് പറഞ്ഞു. പ്രകൃതിയെ സ്നേഹിക്കണം അറിഞ്ഞു ജീവിക്കണം ഇല്ലെങ്കിൽ നിന്റെ മനസ്സ് വെറും കല്ലാണ്. അങ്ങനെ റാണി നല്ലൊരു പ്രകൃതിസ്നേഹിയായ കുട്ടിയായി മാറി. ചക്കിയുടെ

വെറും രണ്ട് വാക്കുകൊണ്ട് മാത്രമാണ് അവളുടെ മനസ്സ് മാറ്റാൻ കഴിഞ്ഞത് . അതുകൊണ്ട് നമ്മുടെ സൽപ്രവൃത്തിയും മറ്റുള്ളവരുടെ സ്വഭാവവും നല്ലതായി മാറ്റാൻ സാധിക്കുമെന്ന തിരിച്ചറിയുക..........

# നിശാശലഭവാരം



ശ്വേത മധു

8A

ജൂലൈ മാസം  അവസാന ആഴ്ച ദേശീയ നിശാശലഭ വാരമായി ആചരിക്കുകയാണ്. നാഷണൽ മോത്ത് വീക്ക് എന്നാണ് ഈ പദ്ധതിയുടെ പേര്. എൺപതോളം രാജ്യങ്ങൾ നിശാശലഭവാരം ആഘോഷിക്കുന്നു. ഇന്ത്യയും ഇതിൽ പങ്കാളിയാണ് വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് (wwf) കേരളഘടകവും നിശാശലഭവാരം ആഘോഷിക്കുന്നു. നിശാശലഭങ്ങളെ നിരീക്ഷിക്കൽ പടമെടുക്കൽ. വിവരങ്ങൾ രേഖപ്പെടുത്തൽ, സെമിനാറുകൾ തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമായി നടക്കും. ശാസ്ത്രനിരീക്ഷണങ്ങൾ നടത്താനും നമ്മുടെ നിരീക്ഷണങ്ങൾ രേഖകളാക്കി സൂക്ഷിക്കാനും പകർന്നു നൽകാനും പരിശീലിപ്പിക്കുകയാണ് നിശാശലഭവാരത്തിന്റെ ലക്ഷ്യം.

# നന്ദി

"സംസ്തവം" സ്മരണികലക്ഷ്യപ്രാപ്തിയിലെത്തിച്ച എൻ.എസ്.എസ്.എച്ച്. എസ് പെരുമ്പുളിക്കൽ ഹൈസ്ക്കൂളിലെ യുവതരംഗങ്ങൾക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ഹെഡ്മിസ്ട്രസ്സിനും അദ്ധ്യാപകർക്കും ഹാർദ്ദമായ നന്ദി..............

അപർണ എസ്.
9A